പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2956

13.03.2018-ൽ മറുപടിക്ക്

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നടത്തിപ്പിലെ തടസ്സം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അബ്ദുൽ ഹമീദ് പി. | ഡോ. കെ. ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) ട്രഷറികളിൽ നിന്ന് പണം ലഭിക്കാത്തതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നടത്തിപ്പിൽ തടസ്സം നേരിടുന്നെന്ന പത്ര വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ ഇതിന്റെ നിജസ്ഥിതി എന്തെന്ന് വ്യക്തമാക്കാമോ? | എ) 08.03.2018 തീയതിയിൽ ഗ്രാമപഞ്ചായത്തുകളുടെ 7570 ബില്ലുകൾ ട്രഷറികളിൽ പെൻഡിംഗ് ഉണ്ട്, പെൻഡിംഗ് ബിൽ തുക ₹ 12690.6 ലക്ഷം<br>08.03.2018 തീയതിയിൽ ജില്ലാ പഞ്ചായത്തുകളുടെ 450 ബില്ലുകൾ ട്രഷറികളിൽ പെൻഡിംഗ് ഉണ്ട് ,പെൻഡിംഗ് ബിൽ തുക ₹ 6019.77 ലക്ഷം<br>തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതിയുടെ ബില്ലുകൾ 2017 നവംബർ, ഡിസംബർ മാസങ്ങളിൽ ട്രഷറിയിൽ ധാരാളം പെൻഡിംഗ് ഉണ്ടായിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വലിയ തുകയുള്ള ബില്ലുകൾ മാറുന്നതിന് നിയന്ത്രണം മൂലം കാലതാമസമുണ്ടായിരുന്നതാണ്. |
| ബി) സാമ്പത്തിക വർഷം അവസാനിക്കാനിരിക്കെ ട്രഷറികളിലെ പ്രതിസന്ധി പദ്ധതി നിർവ്വഹണത്തെ പ്രതികൂലമായി ബാധിക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ? | ബി) വാർഷിക പദ്ധതിയുടെ പ്രോജക്റ്റുകൾ നിർവ്വഹണം നടത്തി ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കാവുന്നതാണ്. ട്രഷറിയിൽ നിന്നും ബില്ലുകൾ മാറി നൽകിയാൽ മാത്രമേ പദ്ധതി ചെലവിന്റെ ശതമാനം വർദ്ധിക്കുകയുള്ളൂ. വികസന ഫണ്ടിന്റെ 3-ാം ഗഡു 27/02/18 ലെ സ.ഉ (സാധാ) നം. 1514/2018/ധന പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ